Draft #1 of File 26405/AD A3/3/2019/ADMIN Approved by ESTATE OFFICER ADMINISTRATION on 24-Aug-2019 12:09 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 26405/AD A3/3/ADMIN/ADMIN തീയതി: 24.08.2019

പ്രിയദർശിനി ഹിൽസ്

**<u>സർക്കുലർ</u>**

വിഷയം:- സർവകലാശാല കാമ്പസിൽ നടത്തുന്ന ഭക്ഷണ വിതരണം ഉൾപ്പെടുന്നപരിപാടികളിൽ ഗ്രീൻ പ്രോട്ടോകോൾ നോഡൽ ഓഫീസറുടെ മേൽനോട്ടം ഉറപ്പാക്കി അജൈവ വസ്തുക്കളുടെ ഉപയോഗം നിയന്ത്രിക്കുന്നതു സംബന്ധിച്ച് :

സൂചന :- 1.28.05.2019 ലെ 12832 / എ.ഡി.ബി.3 SO/2019/Reg Sn നം പരിപത്രം
2.ബഹു.വൈസ്-ചാൻസലറുടെ 14.08.2019 ലെ ഉത്തരവ്

സൂചന (1) പ്രകാരമുള്ള പരിപത്രത്തിലെ ചില കാര്യങ്ങൾ സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിലേക്ക് താഴെ പറയും പ്രകാരം ഭേദഗതി വരുത്തി പരിപത്രം പുറപ്പെടുവിക്കുവാൻ ബഹു.വൈസ്-ചാൻസലർ ഉത്തരവായി.

സർവകലാശാലയിൽ സർക്കാർ /സർവകലാശാല ധന സഹായത്തോടെ സംഘടിപ്പിക്കപ്പെടുന്ന പരിപാടികളോടനുബ സ്ഡിച്ച് ഭക്ഷണവിതരണം നടക്കുന്ന സ്ഥലങ്ങളിൽ 01.06.2017 ലെ സ.ഉ. നം.3301/എസ്.ഒ/006/2017/ഭരണം പ്രകാരം നിരോധിക്കപെട്ട അജൈവ വസ്തുക്കൾ പലപ്പോഴും ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപെട്ടിരിക്കുന്നു .ഇത് കർശനമായി തടയുന്നതിന് ഇത്തരം പരിപാടികൾ സംഘടിപ്പിക്കുകയും പരിപാടികൾക്ക് അനുമതി നൽകുകയോ ഫണ്ട് അനുവദിക്കുകയോ ചെയ്തു കൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവി ക്കുകയും ചെയ്യുമ്പോൾ ബന്ധപ്പെട്ട സെക്ഷൻ ഓഫീസർമാർ /വകുപ്പ് അധ്യക്ഷന്മാർ താഴെ പറയുന്ന നിർദേശങ്ങൾ പാലിക്കണമെന്ന് അറിയിക്കുന്നു .

1.സർവകലാശാല ക്യാമ്പസിൽ സംഘടിപ്പിക്കുന്ന ഭക്ഷണ വിതരണം ഉൾപ്പെടുത്തിയിട്ടുള്ള പരിപാടികൾക്ക് പുനരുപയോഗിക്കാവുന്ന സ്റ്റീൽ / സിറാമിക്ക്/ ഫൈബർ ഉപകരണങ്ങൾ പരമാവധി ഉപയോഗിക്കേണ്ട താണ് .
2.ടി.പരിപാടികളുമായി ബന്ധപ്പെട്ട് മുൻകൂർ തുക അനുവദിച്ച് ഉത്തരവ് പുറപ്പെ ടുവിക്കുന്ന പക്ഷം,ബന്ധപ്പെട്ട സെക്ഷനുകൾ ടി.ഉത്തരവുകളുടെ പകർപ്പ് ഗ്രീൻ പ്രോട്ടോകോൾ നോഡൽ ഓഫീസർക്ക് കൂടി നൽകേണ്ടതാണ് .
3.ടി.പരിപാടികളുടെ വരവ്-ചിലവ് കണക്കുകൾ ക്രമപ്പെടുത്തുന്നതി നുള്ള അപേക്ഷയോടൊപ്പം മുൻകൂർ തുക കൈപ്പറ്റിയ ഉദ്യോഗസ്ഥർ പരിപാടി ഗ്രീൻ പ്രോട്ടോകോൾ നിബന്ധനകൾക്ക് വിധേയമായിട്ടാണ് സംഘടിക്കപെട്ടത് എന്ന് വ്യക്തമാക്കുന്ന ഗ്രീൻ പ്രോട്ടോകോൾ നോഡൽ ഓഫീസറുടെ സാക്ഷ്യ പത്രം കൂടി ഉൾപ്പെടുത്തേണ്ടതാണ് .
4.ഭക്ഷണ വിതരണത്തിനായി അജൈവ വസ്തുക്കൾ ഉപയോഗിക്കേണ്ട സാഹചര്യം ഉണ്ടെങ്കിൽ ടി.വിവരം മുൻകൂട്ടി നോഡൽ ഓഫീസറെ അറിയിക്കേണ്ടതും അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം ഭക്ഷണ വിതരണം ക്രമീകരിക്കേണ്ടതുമാണ് .

സൂചന 1 പ്രകാരമുള്ള പരിപത്രം തദനുസരണം ഭേദഗതി ചെയ്തിരിക്കുന്നു .

**വെങ്കിടേശ്വരൻ ആർ**
എസ്റ്റേറ്റ് ഓഫീസർ (ഭരണ വിഭാഗം)

സ്വീകർത്താവ്

1 .എല്ലാ സെക്ഷനുകൾ / ഡിപ്പാർട്ട് മെന്റുകൾ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

2 .വൈസ് -ചാൻസലാറുടെ / പ്രൊ-വൈസ് ചാൻസലാറുടെ പി.എസ്

3 .രജിസ്ട്രാർ /എഫ് .ഒ / സി .ഇ എന്നിവരുടെ പി.എ

4 .ഗ്രീൻ പ്രോട്ടോകോൾ നോഡൽ ഓഫീസർ

5 .സെക്യൂരിറ്റി ഓഫീസർ

6 കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ .

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം